ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ

281 (3261) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഇവരുടെ പ്രതിമാസ പെൻഷൻ തുക എത്രയാണ് ;

(സി) എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യുവാനുണ്ട് ; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടിവരുമെന്ന വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശിക കൊടുത്തു തീർക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് 829656 പേർ ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നുണ്ട്.

(ബി) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് പ്രതിമാസം 1200 രൂപ നിരക്കിലും 60 മുതൽ 80 വരെ പ്രായമുള്ളവർക്ക് പ്രതിമാസം 600 രൂപ നിരക്കിലും പെൻഷൻ നൽകിവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വാർദ്ധക്യകാല പെൻഷൻ

282 (3262) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാർദ്ധക്യകാല പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ ;

(ബി) എങ്കിൽ കുടിശ്ശികയാകാനുള്ള സാഹചര്യം വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് മുൻപിൽ കേസ്സ് നിലവിലുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കേസ്സ് സംബന്ധിച്ച് എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാർദ്ധക്യകാല പെൻഷൻ അർഹതയുള്ള കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയായി നിശ്ചയിച്ചത് ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുകയും കൂടാതെ പെൻഷൻ തുക വർദ്ധിപ്പിച്ചതും കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം നടത്തുന്നതിന് തടസ്സമായിട്ടുണ്ട്.

(സി-ഇ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ 84 പേർക്ക് പെൻഷൻ നൽകണമെന്നാവശ്യപ്പെട്ട് മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയിരുന്നു. മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 84 പേർക്കും 7/14 മുതൽ 2/2015 വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

283 (3263) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഓരോന്നും എത്ര തവണ വീതം കുടിശ്ശികയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

അഗതി മന്ദിരങ്ങൾ

284 (3264) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അഗതിമന്ദിരങ്ങൾക്ക് സർക്കാർ ഗ്രാന്റായി എത്ര തുകയാണ് നൽകുന്നത് ;

(ബി) 2012-13, 2013-14 വർഷത്തെ ഗ്രാന്റ് ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ ;

(സി) ഈ ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly